തൊഴിലാളികളുടെ മിനിമം കൂലി

67 (2645) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധമായി സർക്കാർ കരട് നിർദ്ദേശം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണെന്നും അതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) ബീഡി തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം കൂലി എത്രയാണെന്നു വ്യക്തമാക്കുമോ ;

(ഇ) ഇവരുടെ മിനിമം കൂലി എപ്പോൾ പുതുക്കി നിശ്ചയിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ ബീഡി-സിഗാർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 9-6-1999-ൽ 23544/ഇ1/98/ തൊ. നമ്പരായി ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി 7-10-1999-ൽ അയച്ചു കൊടുത്തിട്ടുണ്ട്.

(ഡി) 30-11-'93ലെ ജി.ഒ.(ആർ.റ്റി.)3018/93/തൊഴിൽ നം. ഉത്തരവ് പ്രകാരം.

1.	ബീഡി തെറുപ്പ്	1000 ബീഡിക്ക് 30രൂപ
2.	ബീഡിലേബിളിംഗും പാക്കിംങ്ങും	
എ.	സിംഗിൾ ലേബിളിംഗ്	
	100 പായ്ക്കിന്	31 രൂപ
	100 പായ്ക്കിനു മേൽപാക്കറ്റ് ഒന്നിന്	18പൈസ
ബി.	ഡബിൾ ലേബളിംഗ്	
	100 പായ്ക്കിന്	32 രൂപ
	100 പായ്ക്കിന് മേൽ പായ്ക്ക് ഒന്നിനു	20പൈസ

LIBRARY ARCHIVES Kerala Legislative Assembly

3. ബ്ലൻഡിംഗ് (പുകയില അരിക്കൽ, പൊടിക്കൽ, ഉണക്കൽ, കലർത്തൽ)	36 രൂ. (ദിവസ ശമ്പളം)
4. ബീഡിചായ്ക്കൽ (തട്ടിൽ ഒതുക്കൽ)	35 രൂ. (ദിവസ ശമ്പളം)
5. ബീഡി ഉണക്കൽ (കൂടിൽ വയ്ക്കൽ)	36 രൂ. (ദിവസ ശമ്പളം)
6. ബ്ലൻഡിലിംഗ് ചാക്ക് ബൺഡിലിംഗ്	35 രൂ. (ദിവസ ശമ്പളം)

മാസശമ്പളക്കാർ

(എ) ഗ്രൂപ്പ് - 1

1. അക്കൗണ്ടന്റ്	
2. കാഷ്യർ	
3. സ്റ്റോർകീപ്പർ	1350രൂപ
4. ഫോർമാൻ	

(ബി) ഗ്രൂപ്പ് - 2

1. ചെക്കർ	
2. മേസ്തിരി	
3. ക്ലാർക്ക്	1150 രൂപ
4. ഡ്രൈവർ	

(സി) ഗ്രൂപ്പ് - 2(എ)

സ്റ്റെനോ ടൈപ്പിസിറ്റ്	1200 രൂപ

(ഡി) ഗ്രൂപ്പ് - 3

1) ക്ളീനർ	
2) പ്യൂൺ	
3) അറ്റൻഡർ	1050 രൂപ
4) വാച്ച് മാൻ	

ഇതു കൂടാതെ അർഹമായ ഡി.എ.യും ബീഡി തൊഴിലാളികൾക്ക് ലഭിക്കുന്നു.

(ഇ) മിനിമം വേതന ഉപദേശക സമിതിയുടെ അഭിപ്രായം ലഭിക്കുന്നതിനനുസരിച്ച് എത്രയും വേഗം പുതുക്കി നിശ്ചയിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly